ആരെങ്കിലും തനിക്ക് അവകാശമുള്ള അടിമയുടെ തന്റെ പങ്ക്
മോചിപ്പിച്ചാൽ, അയാൾ പണക്കാരനാണെങ്കിൽ അടിമയുടെ
നീതിപൂർവകമായ വില കണക്കാക്കപ്പെടുകയും തന്റെ
പങ്കാളികൾക്ക് അയാൾ അവരുടെ ഓഹരി നൽകുകയും വേണം. അങ്ങനെ
ആ അടിമ മോചിതനാവുകയും ചെയ്യട്ടെ.
അബ്ദുല്ലാഹിബ്നു ഉമർ (رضي الله عنه) നബി (صلى الله عليه وسلم) പറഞ്ഞതായി ഉദ്ദരിക്കുന്നു: "ആരെങ്കിലും
തനിക്ക് അവകാശമുള്ള അടിമയുടെ തന്റെ പങ്ക് മോചിപ്പിച്ചാൽ, അയാളുടെ കൈയിൽ അടിമയുടെ
(മുഴുവൻ) വിലക്ക് തുല്യമായ പണമുണ്ടെങ്കിൽ അടിമയുടെ നീതിപൂർവകമായ വില അയാളുടെ
ബാധ്യതയാവുകയും തന്റെ പങ്കാളികൾക്ക് അയാൾ അവരുടെ ഓഹരി നൽകുകയും വേണം. അങ്ങനെ ആ
അടിമ മോചിതനാവുകയും ചെയ്യട്ടെ. അല്ലെങ്കിൽ അടിമയുടെ എത്ര ഓഹരിയാണോ
മോചിപ്പിക്കപ്പെട്ടത് അത്രയും അയാൾ സ്വതന്ത്രനായി."
[സ്വഹീഹ്] [ബുഖാരിയും മുസ്ലിമും ഉദ്ധരിച്ചത്]
https://sunnah.global/hadeeth/ml/show/2992